**പതിമൂന്നാം കേരള നിയമസഭ**
**പന്ത്രണ്ടാം സമ്മേളനം**

**നക്ഷത്രചിഹ്നമിടാത്തചോദ്യം നമ്പർ: 688** **02.12.2014-ൽ മറുപടിയ്ക്ക്**

## പട്ടികഗോത്ര വർഗ്ഗ വിദ്യാർത്ഥികളുടെ യാത്രാസൗകര്യം

**ചോദ്യം**
**ശ്രീ.ഐ.സി.ബാലകൃഷ്ണൻ**
**ശ്രീ.വി.പി.സജീന്ദ്രൻ**
**ശ്രീ.ബെന്നി ബെഹനാൻ**
**ശ്രീ.വർക്കല കഹാർ**

**മറുപടി**
**കുമാരി.പി.കെ.ജയലക്ഷ്മി**
**(പട്ടികവർഗ്ഗ ക്ഷേമവും യുവജനകാര്യവും കാഴ്ചബംഗ്ലാവുകളും മൃഗശാലകളും വകുപ്പ് മന്ത്രി)**

| | ചോദ്യം | | ഉത്തരം |
|---|---|---|---|
| എ) | പട്ടികഗോത്ര വർഗ്ഗ വിദ്യാർത്ഥികൾക്ക് യാത്രാ സൗകര്യം ലഭ്യമാക്കുന്നതിന് പദ്ധതി രൂപീകരിക്കാനുദ്ദേശിക്കുന്നുണ്ടോയെന്ന് വിശദമാക്കുമോ; | എ) | വിദൂരവും ദുർഘടവുമായ പ്രദേശങ്ങളിലെ പട്ടികവർഗ്ഗ വിദ്യാർത്ഥികൾക്കു യാത്രാ സൗകര്യം ഒരുക്കുന്നതിന് 'ഗോത്ര സാരഥി' എന്ന പദ്ധതി ആവിഷ്കരിച്ച് നടപ്പിലാക്കി വരുന്നുണ്ട്. |
| ബി) | പദ്ധതിയുടെ ഉദ്ദേശ്യലക്ഷ്യങ്ങൾ എന്തൊക്കെയാണ്; | ബി) | പൊതു യാത്രാ സൗകര്യമില്ലാത്തതും, വിദൂരവും, ദുർഘടവുമായുള്ള പട്ടികവർഗ്ഗ സങ്കേതങ്ങളിലെ വിദ്യാർത്ഥികൾക്കു തങ്ങളുടെ വീട്ടിൽ നിന്നും ദിവസവും പോയി വരാനാകുന്ന വിധം സ്കൂളിലെത്തിക്കുക എന്ന ലക്ഷ്യത്തോടെയാണ് ഗോത്ര സാരഥി പദ്ധതി ആരംഭിച്ചിട്ടുള്ളത്. ഇത്തരം സങ്കേതങ്ങളിലെ പട്ടിക വർഗ്ഗ വിദ്യാർത്ഥികളുടെ സ്കൂളിൽ നിന്നുള്ള കൊഴിഞ്ഞുപോക്ക് തടയുക, ഇവരുടെ വിദ്യാഭ്യാസ അവകാശ നിയമം സംരക്ഷിക്കുക എന്നിവയാണ് പദ്ധതിയുടെ പ്രധാന ഉദ്ദേശ്യലക്ഷ്യങ്ങൾ. |

| | | | |
|---|---|---|---|
| സി) | പദ്ധതി രൂപീകരണത്തിനും നടത്തിപ്പിനും എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ടെന്ന് വിശദമാക്കുമോ? | സി) | 'ഗോത്രസാരഥി' പദ്ധതി നടത്തിപ്പിനായി വിശദമായ മാർഗ്ഗനിർദ്ദേശങ്ങൾ പുറപ്പെടുവിക്കുകയും, ആയത് നടപ്പിലാക്കുന്നതിനായി ഓരോ സ്കൂളിലും ഒരു കമ്മിറ്റി രൂപീകരിക്കുകയും ചെയ്തിരുന്നു. മാനദണ്ഡങ്ങളുടെ അടിസ്ഥാനത്തിൽ തെരഞ്ഞെടുത്ത 395 സ്കൂളുകളിൽ 2013-14 സാമ്പത്തിക വർഷം പദ്ധതി വിജയകരമായി നിർവഹിക്കുകയുണ്ടായി.<br>2014-15 വർഷത്തിൽ ടി പദ്ധതി നടത്തിപ്പിനായി അതാത് ഗ്രാമപഞ്ചായത്ത് അധികൃതരുടെ സഹായത്തോടെ പുതിയ മാനദണ്ഡങ്ങളുടെ അടിസ്ഥാനത്തിൽ അർഹതയുള്ള 321 സ്കൂളുകൾ തെരഞ്ഞെടുത്ത് ടി പദ്ധതി നടപ്പിലാക്കി വരുന്നു. |

Hari priya

സെക്ഷൻ ഓഫീസർ